"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷികപദ്ധതിയിലെ ശുചിത്വ കേരളം-സമ്പൂർണ്ണ ശുചിത്വ യജ്ഞം എന്ന പ്രോജക്ടിൽ (പ്രോജക്ട് നമ്പർ 111/ 21) ഉൾപ്പെട്ട മിനി എം.സി.എഫുകളുടെ നിർമ്മാണം എന്ന പദ്ധതി നടപ്പാക്കിയ നിർവഹണ ഉദ്യോഗസ്ഥന്റെ നടപടിക്ക് സാധൂകരണം നൽകി ബാക്കി തുക കൂടി പ്രവൃത്തി നടപ്പാക്കിയ സ്ഥാപനത്തിന് നല്കുന്നതിന് ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം.370/2022/LSGD തീയതി, തിരുവനന്തപുരം, 21-02-2022

പരാമർശം:-

1. ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.07.2021--ലെ തീരുമാനം നമ്പർ 1(2)
2. പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.10.2021ലെ കത്ത് (SRG 622/21 , CC -276/21 )
3. 11.01.2022-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 2.4(4) ഖണ്ഡിക .4.12 .

ഉത്തരവ്

ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷികപദ്ധതിയിൽ ഉൾപ്പെട്ട ശുചിത്വ കേരളം-സമ്പൂർണ്ണ ശുചിത്വ യജ്ഞം എന്ന പ്രോജക്ടിൽ (പ്രോജക്ട് നമ്പർ 111/21) ഹരിത കർമ്മസേന പ്രവർത്തനങ്ങൾ (2,00,000/- രൂപ), ശുചിത്വ മിഷൻ വിഹിതം ഉപയോഗിച്ച നിർമ്മിച്ച ശൗചാലയങ്ങളിൽ നാപ്കിൻ ഇൻസിനറേറ്ററുകൾ വാങ്ങി നൽകൽ (50,000/-രൂപ), കോവിഡ് ട്രീറ്റ്മെന്റ് സെന്ററുകളിൽ ഇൻസിനറേറ്റർ (1,00,000/- രൂപ), പ്ലാസ്റ്റിക് റീ സൈക്ലിംഗ് യൂണിറ്റ് പ്രവർത്തനങ്ങൾ (1,00,000/- രൂപ), മിനി എം.സി.എഫുകളുടെ നിർമ്മാണം (8,01,080/-രൂപ) എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത പ്രവൃത്തികളിൽ മിനി MCF കളുടെ നിർമ്മാണത്തിനുള്ള ആകെ തുകയിൽ 4,50,000/ രൂപ ധനകാര്യ കമ്മീഷൻ വിഹിതവും 3,51,080/-രൂപ ശുചിത്വമിഷൻ വിഹിതവുമാണ്. ക്വട്ടേഷൻ വിളിച്ചാണ് ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് ഈ പ്രവൃത്തി നടപ്പാക്കിയത്. ഏറ്റവും കുറഞ്ഞ തുകയ്ക്ക് ക്വട്ടേഷൻ നൽകിയ സാജൻ എഞ്ചിനീയറിംഗ് വർക്ക്സ്, പാടത്തു പാലം, വള്ളം കുളം എന്ന സ്ഥാപനത്തിന് ഒരു യൂണിറ്റിന് 19,400/- രൂപ നിരക്കിൽ പ്രവൃത്തി ഏൽപ്പിച്ചിരുന്നു. നിർമാണം പൂർത്തിയായ ശേഷം അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം ഒരു യൂണിറ്റിന് 18,354/- രൂപ നിരക്കിൽ കരാറുകാരന് 2,10,000/- രൂപ ഗ്രാമപഞ്ചായത്ത് നൽകിയിരുന്നു. ഈ ഇനത്തിൽ ബാക്കി തുക പ്രവൃത്തി നടപ്പാക്കിയ സ്ഥാപനത്തിന് നൽകാനുണ്ട് എന്നതിനാൽ ടെണ്ടർ നടപടി ഒഴിവാക്കി ക്വട്ടേഷൻ വിളിച്ച നടപടിക്ക് സാധൂകരണം നൽകി പ്രവൃത്തി നടപ്പാക്കിയ സ്ഥാപനത്തിന് ബാക്കി തുക കൂടി നൽകാൻ അനുമതി നല്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (2) പ്രകാരം സമർപ്പിക്കപ്പെട്ട ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (1)-ന്റെ അടിസ്ഥാനത്തിലുള്ള അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിഗണിച്ചിരുന്നു.

2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്തിന്റെ നടപടിക്രമത്തിൽ അപാകതയുണ്ട് എങ്കിലും പദ്ധതി നിർവഹണം പൂർത്തീകരിച്ചിട്ടുള്ളതിനാലും പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ലാത്തതിനാലും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം കുറച്ച തുക നൽകിയതിനാലും നിർവഹണ ഉദ്യോഗസ്ഥന്റെ നടപടിക്ക്

സാധൂകരണം നൽകി ബാക്കി തുക കൂടി നൽകാൻ ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം (3) പ്രകാരം തീരുമാനിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷികപദ്ധതിയിൽ ഉൾപ്പെട്ട ശുചിത്വ കേരളം- സമ്പൂർണ ശുചിത്വ യജ്ഞം എന്ന പ്രോജക്ടിൽ (പ്രോജക്ട് നമ്പർ 111/21) ഉൾപ്പെട്ട മിനി എം.സി.എഫുകളുടെ നിർമ്മാണം (8,01,080/ രൂപ) എന്ന പദ്ധതിയുടെ നിർവ്വഹണം പൂർത്തീകരിച്ചിട്ടുള്ളതിനാലും, പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ലാത്തതിനാലും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം കുറച്ച തുക നൽകിയതിനാലും നിർവഹണ ഉദ്യോഗസ്ഥന്റെ നടപടിക്ക് സാധൂകരണം നൽകി ബാക്കി തുക കൂടി പ്രവൃത്തി നടപ്പാക്കിയ സ്ഥാപനത്തിന് നല്കുന്നതിന് ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Barikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക് .
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്